LIBRARY ARCHIVES Kerala Legislative Assembly

സംയുക്ത പ്രോജക്ടായി നടപ്പിലാക്കിയ 53 ഫാമുകളിൽ വളർത്തി 40-50 ദിവസം പ്രായവും രണ്ട് കിലോ ഭാരവുമാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസ്സസ്സ് ചെയ്ത് വിപണനം നടത്തുന്നു. ആയതിനാൽ കോഴി വളർത്തൽ കർഷകർക്ക് കോഴികളെ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട് ഒഴിവാകുകയും കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുവാനും സാധിക്കുന്നു. കൂടാതെ ഗുണമേന്മയേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനും സാധിക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 1.64 കോടി രൂപ ഉൾപ്പെടെ 18.72 കോടി രൂപ നിലവിൽ കുടുംബശ്രീ, കേരള ചിക്കൻ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ 1000 ബ്രോയിലർ ചിക്കൻ വീതമുള്ള 1000 ഫാമുകൾ ആരംഭിക്കുകയും പ്രതിദിനം ഇരുപത്തായ്യിരം ബ്രോയിലർ ചിക്കൻ വിപണിയിൽ എത്തിക്കുകയും ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പുതുതായി 931 ഫാമുകൾ ആരംഭിക്കുന്നതിനുള്ള ഗുണഭോക്താക്കളെ കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്. കെപ്കോയിൽനിന്നും കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാത്ത ശേഷിക്കുന്ന ഫാമുകൾക്ക് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും വിതരണവും മാംസ സംസ്കരണവും വിപണനവും ഉൾപ്പെടെ കുടുംബശ്രീ സംവിധാനത്തിൽ സ്ഥാപിക്കുന്നതിനും ആയതിൽ ലഭിക്കുന്ന ലാഭം പൂർണ്ണമായും കർഷകർക്ക് ലഭിക്കുന്ന തരത്തിൽ സംസ്ഥാനതലത്തിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ

131(918) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ് സെന്റർ സ്ഥാപിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ജില്ലാ മൃഗസംരക്ഷണ വകുപ്പ് മേധാവിയുടെ ശിപാർശയിൽ 17-9-2018-ൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അയച്ച പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഡയറക്ടറേറ്റിലെ ഫയൽ നമ്പർ അറിയിക്കാമോ ;

(സി) ഈ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; ആയതിന്റെ സെക്രട്ടേറിയറ്റ് ഫയൽ നമ്പർ അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസലിൽ ഒരു സബ്സെന്റർ ആരംഭിക്കാൻ ആവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടില്ലായിരുന്നു. ടി അപാകതകൾ പരിഹരിച്ച് പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ ആവശ്യപ്പെട്ട് കോട്ടയം ജില്ലാ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കത്തയച്ചിട്ടുണ്ട്. ഫയൽ നമ്പർ എ.എച്ച്.ഡി 8517/2018/സി2.

(സി) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

**വാണിയംകുളം കന്നുകാലി ചന്തയുടെ നവീകരണം**

132(919) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ വാണിയംകുളം കന്നുകാലി ചന്തയുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) നവീകരണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(ബി) സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ മൃഗസംരക്ഷണ ആഫീസ് മുഖേന 1,48,71,930 (ഒരു കോടി നാല്പത്തെട്ട് ലക്ഷത്തി എഴുപത്തി ഒന്നായിരത്തി തൊള്ളായിരത്തി മുപ്പത് രൂപ) രൂപയുടെ പ്രൊപ്പോസൽ 25-10-2018-ാം തീയതി ലഭിക്കുകയും ആയതിന് ഭരണാനുമതി ലഭ്യമാക്കുവാനുള്ള നടപടികൾ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിച്ചും വരുന്നു.

**നാട്ടാനകളെ സംബന്ധിച്ച കേന്ദ്ര വനം മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ**

133(920) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കത്തിൽ സുപ്രീംകോടതി അംഗീകരിച്ച കേന്ദ്ര വനം മന്ത്രാലയത്തിന്റെ 12 ഇന നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;